ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ

173(2211) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇ-ഡിസ്ട്രിക്ട് മുഖാന്തരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

(ബി&സി) ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സംസ്ഥാനത്ത് റവന്യൂ വകുപ്പിൻകീഴിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിന് മുന്നോടിയായി റവന്യൂ ഓഫീസുകളിൽ ആവശ്യമായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിക്കുകയും പിന്നീട് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തു. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യവും, കമ്പ്യൂട്ടർ മുതലായ ഹാർഡ്വെയർകളും നൽകി ജില്ലകളിലെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പുവയ്ക്കുന്നതിന് സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും, അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദ്ദേശം ഐ.ടി. മിഷൻ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ എല്ലാ മാസങ്ങളിലും നടത്തുകയും അതാതു ജില്ലകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇ-ഗവേണൻസിനുവേണ്ടി ഡിപ്പാർട്ട്മെന്റ് തലത്തിൽ വിവിധ പ്രോജക്ട് കമ്മിറ്റികളും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ അപെക്സ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇ-ഗവേണൻസ് നയരൂപീകരണത്തിന് സ്റ്റിയറിംഗ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി നിലവിലുണ്ട്.

ഓപ്പൺ പ്ലാറ്റ്ഫോമിൽ ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടി

174(2212) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവയുടേതായ 'ബ്ലോഗുകൾ' തുടങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത വരാതെ 'ഓപ്പൺ പ്ലാറ്റ്ഫോമിൽ' ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; നിബന്ധനകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ 'ബ്ലോഗുകൾ' തുടങ്ങുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഒന്നുംതന്നെ നിശ്ചയിച്ചിട്ടില്ല.

ഇ-ഗവേണൻസ്

175(2213) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിലാണ് ഇപ്പോൾ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പേപ്പർ-രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(സി) തങ്ങളുടെ പരാതികളും ഫയലുകൾ സംബന്ധിച്ച നീക്കവും അറിയുന്നതിന് പൊതുജനങ്ങൾക്കായി എന്ത് സംവിധാനമാണ് വിവിധ സർക്കാർ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

GPM. 2/243/2020-36

LIBRARY ARCHIVES Kerala Legislative Assembly